(ii) ശ്രീ. ഇ. വി. കുമാരൻ, ശ്രീ. എം. കെ. കേളു, ശ്രീ. വി. വി. കൃഷ്ണമൂർത്തി, ശ്രീ പി. സി. രാഘവൻനായർ.

(എച്ച്) കോഴിക്കോടു ടൗൺ പോലീസ് സ്റ്റേഷനിൽ ഇൻ ഡ്യൻ പീനൽകോഡിലെ 143, 147, 148, 149, 341, 283, 427, 332 വകുപ്പുകളും പ്രകാരം 247/69-ാം നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): മർദ്ദനത്തിനു വിധേയരായ എം. എൽ. എ. മാർ എന്തെല്ലാം കുറ്റങ്ങളാണു ചെയ്തതെന്നു വിശദീകരിക്കാൻ തയ്യാറാകുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: 'എച്ച്'ന്റെ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): പാലക്കാട്ടു നടന്ന വെടിവയ്പു സംഭവത്തെ വെടിവയ്ക്കാൻ കൽപ്പന പുറപ്പെടുവിക്കാവുന്ന ഉദ്യോഗസ്ഥൻമാർ ആരുംതന്നെ ഉണ്ടായിരുന്നില്ലെന്നതു ശരിയാണോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഇപ്പോഴും പറയുന്നതു ശരിയായിരിക്കുകയില്ല, അന്വേഷണത്തിനുശേഷം പറയാം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): ശരിയാണോ എന്നാണു ചോദ്യം.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അന്വേഷണത്തിനു വിധേയമായ കാര്യമായതുകൊണ്ടു ഞാൻ പറയുകയില്ല.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി: ജനുവരി 5-ാം തീയതി കണ്ണൂർ കളക്ടറേറ്റിനു മുൻപിലേയ്ക്കു സമാധാനപരമായി പിക്കറ്റിംഗിനു പോയിട്ടുള്ള സോഷ്യലിസ്റ്റു യുവജനസംഘം വാളണ്ടിയർമാരുടെനേരെ ലാത്തിച്ചാർജ് നടത്തിയ സംഭവത്തെ തുടർന്ന്, അന്നു കസ്റ്റഡിയിലെടുത്ത് ലോക്കപ്പിലിട്ട് മർദ്ദനം നടത്തപ്പെട്ട 16 പേരും നേരത്തെ പറഞ്ഞ കൂട്ടത്തിൽപ്പെടുമോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: പെടുമോ എന്നു കൃത്യമായി ഇപ്പോഴും പറയാൻ കഴിയുകയില്ല; ഇത് ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ ശേഖരിച്ച വിവരമാണ്.

ശ്രീ. ബി. മാധവൻനായർ: പരസ്യാന്വേഷണമാവശ്യമില്ലെന്നു പറഞ്ഞുകൊണ്ട് ഈ സംസ്ഥാനത്തെ ഏതെങ്കിലും രാഷ്ട്രീയകക്ഷി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: നേരിട്ട് അറിയിച്ചിട്ടില്ല. അങ്ങനെ പറഞ്ഞതായി പത്രപ്രസ്താവന ഞാൻ വായിച്ചിട്ടുണ്ട്.

WRITTEN ANSWERS

ഇൻഫർമേഷൻ വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ

* 50 (197) ശ്രീ. ഈ. അഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ വകുപ്പിന്റെ കീഴിൽ എത്ര പ്രസിദ്ധീകരണങ്ങളുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) അവ ഏതെല്ലാം ;

(സി) പുതിയ വല്ല പ്രസിദ്ധീകരണങ്ങളും പുറപ്പെടുവിക്കാൻ ഗവൺമെൻറിന് ഉദ്ദേശമുണ്ടോ ;

(ഡി) എങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ധനകാര്യമന്ത്രി (ശ്രീ. എൻ. കെ. ശേഷൻ) :

(എ) ഒന്ന്.

(ബി) ജനപഥം (മാസിക)

(സി) ഉണ്ട്.

(ഡി) ഒരു ഇംഗ്ലീഷ് ദ്വൈമാസികം പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. അതിൻെറ പ്രസിദ്ധീകരണത്തീയതി നിശ്ചയിച്ചിട്ടില്ല.

കർഷകത്തൊഴിലാളികളുടെ പാർപ്പിടം

* 51. (215) ശ്രീ. പി. കെ. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും ജലസേചനവും മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകത്തൊഴിലാളികളുടെ പാർപ്പിടത്തിൻെറ പ്രശ്നം പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും ഫലപ്രദമായ സ്കീമുകൾ ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ സ്കീമിൻെറ സ്വഭാവം എന്താണെന്നും എത്ര വർഷത്തിനുള്ളിൽ ഈ പ്രശ്നത്തിന്നു പരിഹാരമുണ്ടാക്കാനാണുദ്ദേശിക്കുന്നതെന്നും വിശദീകരിക്കുമോ ?

കൃഷിയും ജലസേചനവും മന്ത്രി (ശ്രീ. ഓ. കോരൻ) :

(എ) സംസ്ഥാനത്തുടനീളം പ്രത്യേകം തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ നടപ്പാക്കിവരുന്ന ഗ്രാമീണ ഭവനനിർമ്മാണ പദ്ധതി പ്രധാനമായും കാർഷികത്തൊഴിലാളികളെ ഉദ്ദേശിച്ച് നടപ്പാക്കിയിട്ടുള്ളതാണ്.

(ബി) ഗ്രാമീണ ഭവനനിർമ്മാണപദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ കൊല്ലത്തിൽ 2500 രൂപയിൽ കൂടുതൽ വരുമാനമില്ലാത്തവർക്ക് വീടുണ്ടാക്കുവാൻ 3000 രൂപ വരെ ലോൺ കൊടുക്കുന്നുണ്ട്. ഈ ലോൺ 20 കൊല്ലംകൊണ്ട് പലിശയടക്കം തിരിച്ചടയ്ക്കേണ്ടതാണ് കൂടാതെ ഒരു കുടുംബത്തിനു 2 ആർ ഭൂമിയും ഈ പദ്ധതിപ്രകാരം നൽകുന്നുണ്ട്. ഗ്രാമീണ ഭവനനിർമ്മാണപദ്ധതി കാർഷികത്തൊഴിലാളികളുടെ പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കുന്നില്ല. ഗവൺമെൻറ് രൂപീകരിക്കാനുദ്ദേശിക്കുന്ന ഹൌസിംഗ് ബോർഡ് പ്രവർത്തനമാരംഭിച്ചശേഷം ബൃഹത്തായ വല്ല പദ്ധതികളും ഈ പ്രശ്നം പരിഹരിക്കാനായി നടപ്പാക്കാമോ എന്നു പരിശോധിക്കാവുന്നതാണ്.

കയറുമതി

* 52. (219) ശ്രീ. പി. പി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1968–69–ൽ കയറുമതിയിലൂടെ കേരളം നേടിയ സമ്പാദ്യം മുൻവർഷത്തെയപേക്ഷിച്ചു കൂടുതലോ കുറവോ ;

LIBRARY ARCHIVES Kerala Legislative Assembly